പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4778

29.06.2012 ൽ മറുപടിയ്ക്ക്

## ഉപേക്ഷിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

,, മാത്യു റ്റി. തോമസ്

,, സി.കെ. നാണു

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ അവശരായ രോഗികളെയും വൃദ്ധരെയും വിവിധ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | ബി | ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രികളിൽ തന്നെ കഴിയുവാൻ നിർബന്ധിതരായവർക്കും സംരക്ഷണം നൽകുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിലെ മൂന്ന് സ്ഥാപനങ്ങളും എറണാകുളം ജില്ലയിലെ നാല് സ്ഥാപനങ്ങളും വഴി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 750/- രൂപ നിരക്കിൽ സാമൂഹ്യ ക്ഷേമ വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കഴിൽ പ്രവർത്തിക്കുന്ന 15 വൃദ്ധ മന്ദിരങ്ങളിലും ഇത്തരക്കാർക്ക് പ്രവേശനം നൽകുന്നുണ്ട്. |
| സി | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്രപേരെ പുനരധിവസിപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | സി | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| ഡി | ഇല്ലെങ്കിൽ ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | ഡി | ബാധകമല്ല |

R. Vijesh

സെക്ഷൻ ഓഫീസർ